**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5623** **16-03-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ സംരക്ഷണം ഫലപ്രദമായി ഏകോപിപ്പിക്കുവാൻ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്ര സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ വിനോദ സഞ്ചാര, ഗതാഗത മേഖലയ്ക്ക് ഉണർവ് നൽകുന്ന തീരദേശ ഹൈവേ 9 തീരദേശ ജില്ലകളിലെ 623 കി.മീ ദൂരത്തിലാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 556 കി.മീ ദൂരമാണ് കെ.ആർ.എഫ്.ബി-പി.എം.യു വിന് കീഴിൽ വരുന്നത്. 6500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയുള്ള പദ്ധതിയ്ക്കായി നാളിതുവരെ 2289 കോടി രൂപയുടെ (36 കി.മീ ഭാഗത്തിന് പദ്ധതിയ്ക്കും സ്ഥലം ഏറ്റെടുക്കലിനും ഉൾപ്പെടെയും 240 കി.മീ ഭാഗത്തിന് സ്ഥലം ഏറ്റെടുക്കലിന് മാത്രവും) സാമ്പത്തിക അനുമതിയാണ് കിഫ്ബിയിൽ നിന്നും ലഭ്യമായത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ 468 കി.മീ ഭാഗത്തിന് ലഭ്യമായിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭ്യമായ ഇടങ്ങളിൽ റവന്യൂ വകുപ്പിലേക്കുള്ള ആനുഷാംഗിക തുക കൈമാറുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ട് പോവുകയും ചെയ്യുന്നു. വിവിധ ജില്ലകളിലായി 200കി.മീ ഭാഗത്ത് ഇതിനോടകം അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ